# കേരള സർവകലാശാല

## ഒന്നാം വർഷ എം.എഡ് പ്രവേശനം 2026-27

## ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ❖ പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.

- ❖ ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധായോടെയും കൃത്യതയോടെയും പൂരിപ്പിക്കുക.

- ❖ രജിസ്ട്രേഷൻ നടപടികളിലെ ആദ്യ ഘട്ടം അപേക്ഷാ നമ്പറും പാസ്സ് വേഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി https://admissions.keralauniversity.ac.in/ സൈറ്റിലെ M.Ed പേജ് എടുത്ത ശേഷം "New Registration"എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി, Gender, ഇ–മെയിൽ ഐ.ഡി., എന്നീ വിവരങ്ങൾ (പേര്, ജനന തീയതി എന്നിവ എസ്.എസ്.എൽ.സി. സർട്ടിഫിക്കേറ്റിലേത് പോലെ)നൽകുക. ഈ വിവരങ്ങൾ നൽകിയാൽ മാത്രമേ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ ലഭിക്കൂ. ജനന തീയതി (dd/mm/yyyy ഫോർമാറ്റിൽ) ആയിരിക്കും ഡിഫോൾട്ട് പാസ്സ്‌വേഡ് ആയി ലഭിക്കുന്നത്, ആയത് പ്രിൻറ് എടുത്ത് സൂക്ഷിക്കുക.

- ❖ അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിലേക്കായി പ്രൊഫൈലിൽ ലോഗിൻ ചെയ്യുക. 7 ഘട്ടങ്ങളായാണ് അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ടത്.

1. **വിദ്യാർത്ഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ.**
   - ➢ കേരളീയർ അല്ലാത്തവർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരല്ല. ആയതിനാൽ കേരളീയനാണോ അല്ലയോ എന്ന വിവരം (Are you Keralite?)എന്ന ഭാഗത്ത് (Yes/No) എന്ന് കൃത്യമായി നൽകുക.

   - ➢ ഓൺലൈൻ അപേക്ഷയിൽ നൽകുന്ന **മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്.** പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്, കൂടാതെ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിലേക്കായും മൊബൈൽ നമ്പർ ആവശ്യമാണ്. ആയതിനാൽ ഇ.മെയിൽ ഐ.ഡി,

മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മാത്രം നൽകാൻ ശ്രദ്ധിക്കുക.

- തുടർന്ന് സംവരണം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വിദ്യാർത്ഥി അഡ്മിഷൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. സംവരണാനുകൂല്യമുള്ള എല്ലാ വിദ്യാർഥികളും (SC, ST, SEBC, EWS) ഇതുമായി ബന്ധപ്പെട്ട രേഖകൾ (Community Certificate/Non Creamy Layer Certificate/Income Certificate/EWS Certificate) കൈവശം കരുതേണ്ടതാണ്

2. **അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ.**

- ബി.എഡ് / തത്തുല്യം പാസ്സായ വർഷം, യൂണിവേഴ്സിറ്റി/ ബോർഡ്, സ്ട്രീം, രജിസ്റ്റർ നമ്പർ, എത്രാമത്തെ അവസരത്തിലാണ് പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്.

- ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് ബി.എഡ് / യോഗ്യത പരീക്ഷ പാസായവർ "Number of Appearances" എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത്തെ അവസരത്തിലാണ് പാസായത് എന്ന്) നൽകേണ്ടതാണ്. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ആനുപാതികമായി ഇൻഡക്സ് മാർക്കിൽ കുറവ് വരുന്നതാണ്. അതിനാൽ ഈ വിവരം ശ്രദ്ധായോടെയും കൃത്യതയോടും നൽകേണ്ടതാണ്.

- മറ്റ് സർവകലാശാലകളിൽ നിന്നും ബി.എഡ് / തത്തുല്യം പരീക്ഷകൾ പാസ്സായ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ എം.എഡ് പഠനത്തിനുള്ള യോഗ്യതയായി കേരളസർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന **തുല്യതാ സർട്ടിഫിക്കറ്റ് (എലിജിബിലിറ്റി സർട്ടിഫിക്കറ്റ്)** കോളേജിൽ ഹാജരാക്കണം. ആയതിനാൽ ടി സർട്ടിഫിക്കറ്റ് മുൻകൂട്ടി വാങ്ങി കൈവശം കരുതേണ്ടതാണ്. എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭിക്കുന്നതിലേക്കായി myapplications.keralauniversity.ac.in സന്ദർശിക്കുക. എലിജിബിലിറ്റി സർട്ടിഫിക്കറ്റ് സംബന്ധിച്ച സംശയ നിവാരണത്തിലേക്കായി ഹെൽപ്ലൈൻ 9188526675 ൽ ബന്ധപ്പെടുക.

3. **ഓപ്ഷനുകൾ നൽകുക.**

- ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വച്ച് വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം മുൻഗണനാക്രമത്തിൽ നൽകുക.

4. രജിസ്ട്രേഷൻ ഫീ അടക്കുക

- ➢ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഗൂഗിൾ പേ, ഡെബിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടായി അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടയ്ക്കാനുള്ള നിർദ്ദേശം ലഭിക്കുകയാണെങ്കിൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇമെയിൽ/whatsapp മുഖാന്തിരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. ഒന്നിലധികം പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

5. ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുക.

- ➢ ഫോട്ടോ, ഒപ്പ് എന്നിവ upload ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും മാത്രം ചെയ്യാൻ ശ്രദ്ധിക്കുക.
- ➢ Photo with 150px X 200px (Width X Height), maximum 40kb, jpg format only
- ➢ Signature with 150px X 60px (Width X Height), maximum 40kb, jpg format only

6. ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക.

- ➢ നൽകിയ വിവരങ്ങൾ ശ്രദ്ധയോടുകൂടി വായിക്കുക. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി ആവശ്യമെങ്കിൽ അപേക്ഷയിൽ വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.

7. പ്രിന്റൗട്ട് എടുക്കുക.

- ➢ രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

8. പ്രൊഫൈൽ പാസ്സ്‌വേഡ് മാറ്റുക.

- ➢ രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഉടൻ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ് വേഡ് മാറ്റം വരുത്താൻ ശ്രദ്ധിക്കുക. ആയതിന്റെ ദുരുപയോഗം തടയുന്നതിലേക്കായി പാസ്സ്‌വേർഡിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ ജാഗ്രത പുലർത്തുക.

- അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇവ ആവശ്യമാണ്.

## ശ്രദ്ധിക്കേണ്ടവ

- അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ് അപേക്ഷയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ട പക്ഷം bedadmission@keralauniversity.ac.in എന്ന ഇ-മെയിലേക്കോ / 8281883053 എന്ന വാട്സാപ്പ് മുഖാന്തിരമോ അനുബന്ധ രേഖകൾ സഹിതം അപേക്ഷ അയക്കാവുന്നതാണ്.

- വിദ്യാഭ്യാസ യോഗ്യത, സംവരണം. ഗ്രേസ് മാർക്കുകൾ മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കൈയിൽ കരുതേണ്ടതാണ് . പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

## അലോട്ട്മെൻറ്

- ജനറൽ / കമ്മ്യൂണിറ്റി ക്വാട്ട മറ്റ് റിസർവേഷൻ സീറ്റുകളിലേക്കുള്ള അഡ്മിഷൻ മുൻകൂട്ടി നിശ്ചയിക്കുന്ന വേദിയിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് മുഖേന നടത്തപ്പെടുന്നതാണ് (സ്ഥലം, തീയതി എന്നിവ പിന്നീട് അറിയിക്കുന്നതാണ്).
- ഡിപ്പാർട്മെൻറ് ക്വാട്ടയിലേക്ക് റിസർവ് ചെയ്തിട്ടുള്ള ഒരു സീറ്റിലേക്കുള്ള അഡ്മിഷൻ ഡി.പി.ഐയിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് അടിസ്ഥാനത്തിൽ നികത്തപ്പെടുന്നതാണ്

- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട അതാത് സമയത്തെ മറ്റ് നിർദ്ദേശങ്ങൾ പത്രക്കുറിപ്പായി നൽകുന്നതാണ്.

- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 8281883053 (Whatsapp/Call) എന്ന നമ്പറിലോ bedadmission@keralauniversity.ac.in എന്ന ഇ-മെയിൽ ഐഡിയിലോ ബന്ധപ്പെടുക.

**വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റിൽ https://admissions.keralauniversity.ac.in/med2026) നൽകിയിട്ടുള്ള പ്രോസ്പെക്ടസ് പരിശോധിക്കുക.**

**രജിസ്ട്രാർ**